## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - ഇരട്ടയാർ ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2008-09 – ഖണ്ഡിക 3-6 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 2785/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 12/11/2013

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 04/04/2013-ലെ എം3-9490/13 /11 നമ്പർ കത്തും ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 28/07/2012-ലെ II (5)-ാം നമ്പർ തീരുമാനവും.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 30/09/2013-ലെ LF/P.T2/8377/13 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന് 6,20,139/- രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇരട്ടയാർ ഗ്രാമ പഞ്ചായത്തിന്റെ 28/07/2012-ലെ II(5)-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണം ആവശ്യമായിരുന്നതിനാലും തനത് ഫണ്ട് പര്യാപ്തമല്ലാതിരുന്നതിനാലും വികാലാംഗഭവനം കമ്മ്യൂണിറ്റി ഹാളും ടാക്സി സ്റ്റാന്റും ശോചനീയമായിരുന്നതിനാലുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. ഇക്കാര്യങ്ങൾ ഇപ്പോൾ പ്രാദേശിക പരിശോധന നടത്തി ബോദ്ധ്യപ്പെടാൻ സാധിക്കുകയില്ല. പഞ്ചായത്തിനോ സർക്കാരിനോ സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ച ടി തുകക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ

വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-6 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതിൽ നിരാകരിച്ച 6,20,139/- (ആറ് ലക്ഷത്തി ഇരുപതിനായിരത്തി നൂറ്റി മുപ്പത്തിയൊമ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഇരട്ടയാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ